**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 310** **05-08-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി നിലവിൽ വരുമ്പോൾ വൈദ്യുതി വിതരണം നിയന്ത്രണമില്ലാതെ സ്വകാര്യ കമ്പനികൾക്ക് നൽകുന്നത് മൂലം പൊതുമേഖലയ്ക്കും സാധാരണ ഉപഭോക്താക്കൾക്കും ഉണ്ടാകാവുന്ന പ്രതിസന്ധിയെ കുറിച്ച് സംസ്ഥാന സർക്കാർ പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003ൻ മേൽ മുന്നോട്ട് വച്ചിട്ടുള്ള ഭേദഗതി നിർദ്ദേശങ്ങൾമൂലം വൈദ്യുതി മേഖല സ്വകാര്യവത്കരിക്കപ്പെടാനുള്ള സാധ്യതയും അത് മൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും സംസ്ഥാനം പരിശോധിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബിയുടെയും സംസ്ഥാന സർക്കാരിന്റെയും അഭിപ്രായങ്ങളും നിലപാടുകളും കേന്ദ്രസർക്കാരിനെ സമയാസമയങ്ങളിൽ അറിയിച്ചിട്ടുണ്ട്. ഡീ-ലൈസൻസിംഗ് വഴി വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണത്തിന് ആക്കം കൂട്ടുന്ന നിർദ്ദേശങ്ങളാണ് ഭേദഗതി നിർദ്ദേശത്തിൽ ഉള്ളത്. കൂട്ടത്തിൽ തന്നിഷ്ടപ്രകാരമുള്ള തിരഞ്ഞെടുപ്പിന് ഉള്ള അവസരം (cherry picking) തുറന്നു കിട്ടുക വഴി സ്വകാര്യമേഖലയ്ക്ക് തങ്ങൾക്ക് ലാഭകരമായ ഉപഭോക്താക്കൾക്ക് മാത്രമായി സേവനം പരിമിതപ്പെടുത്താൻ സാധിക്കുകയും ചെയ്യും. ഇത് സമ്പൂർണ്ണ വൈദ്യുതീകരണം, എല്ലാ വിഭാഗങ്ങൾക്കും താങ്ങാൻ ആകുന്ന വിലയ്ക്ക് വൈദ്യുതി തുടങ്ങി വർഷങ്ങളുടെ പ്രയത്നം മൂലം കേരളം കൈവരിച്ച നേട്ടങ്ങൾ കൈ വിട്ട് കളയുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിക്കുമെന്ന് സംസ്ഥാനം ഭയപ്പെടുന്നു. ഉപഭോക്താവിന് ഇഷ്ടാനുസരണം സേവനദാതാവിനെ തിരഞ്ഞെടുക്കാം എന്നും അതിലൂടെ മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താൻ സാധിക്കും എന്നത് മിഥ്യാധാരണ മാത്രമാണ്. എന്നാൽ യഥാർത്ഥത്തിൽ സേവന ദാതാവിനാണ് തിരഞ്ഞെടുക്കാൻ അവസരം നൽകുന്നത്. വർഷങ്ങൾക്ക് ശേഷം മാത്രം ലാഭം ലഭിക്കാൻ ഇടയുള്ള ശൃംഖലാ വികസന |

| | | | |
|---|---|---|---|
| | | | പദ്ധതികളിൽ മുതൽമുടക്കാൻ സ്വകാര്യനിക്ഷേപകർ തയ്യാറാകില്ല. ഇത് ഭാവിയിൽ വിതരണ നഷ്ടം കൂടുന്നതിനും തദ്വാര വൈദ്യുതി വാങ്ങൽ ചെലവ് വർദ്ധിക്കാനും ഇടയാക്കും. വോൾട്ടേജ് ക്ഷാമം, അടിക്കടിയുണ്ടാകുന്ന വൈദ്യുതി മുടക്കം, ശൃംഖലയുടെ ശേഷിക്കുറവ് മൂലം ഉണ്ടാകുന്ന ലോഡ് ഷെഡ്ഡിംഗ് എന്നിവ ഭാവിയിൽ തുടർക്കഥയാകും. ലാഭേച്ഛ കൂടാതെ വനാന്തരങ്ങളിലും മറ്റ് വിദൂരപ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാധ്യത ഇല്ലാതെയാകും എന്നും ഭയപ്പെടുന്നു. |
| (ബി) | കേന്ദ്ര വൈദ്യുതി നിയമ ഭേദഗതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതും സംസ്ഥാനത്തിന് ദോഷകരമായി മാറുന്നതുമായ ഭേദഗതികൾ ഒഴിവാക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വിശദവിവരം നൽകുമോ? | (ബി) | Electricity (Amendment) Bill 2021വഴി കേന്ദ്ര നിയമ ഭേദഗതി നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചപ്പോൾ തന്നെ ആയത് സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതി മൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും, ബദൽനിർദ്ദേശങ്ങളും കാര്യ കാരണ സഹിതം 15.03.2021തീയതിയിലെ D.O.No.A1/131/2020/PD നമ്പർ കത്ത് പ്രകാരം സംസ്ഥാന സർക്കാർ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി 23.07.2021 തീയതിയിലെ 272/M(Ele)/L/2021 നമ്പർ കത്ത് പ്രകാരം ഡീ-ലൈസൻസിംഗും, തുടർന്ന് വിതരണ കമ്പനികൾ തന്നിഷ്ടപ്രകാരം നടത്താൻ ഇടയുള്ള ഉപഭോക്താക്കളുടെ തിരഞ്ഞെടുപ്പ്, ക്രോസ്-സബ്സിഡി ഇല്ലാതാകുന്ന സാഹചര്യം, നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്ക് ഉള്ളവ) വഴിയുള്ള ബാധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം കെ.എസ്.ഇ.ബി ക്ക് വരാൻ പോകുന്ന ബാധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകളും, കേരളം വൈദ്യുതി വിതരണം പൊതുമേഖലയിൽ നിർത്തിക്കൊണ്ട് കൈവരിച്ച നേട്ടങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ